# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.12.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബിൽ ലോക്സഭയിൽ. ബിൽ അവതരണത്തെ എതിർത്ത് പ്രതിപക്ഷം; ബിൽ രാജ്യത്തിന് വേണ്ടിയുള്ളതാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു.

   **Bill for one nation, one election in Lok Sabha; Opposition Parties Opposes Bill Presentation; Parliamentary Affairs Minister Kiren Rijiju Says Bill is for the Country's Benefit.**

2. ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു.

   **Special Discussion on 75th Anniversary of Indian Constitution Underway in Rajya Sabha.**

3. രാജസ്ഥാൻ സർക്കാർ ഒരു വർഷം പൂർത്തിയാക്കുന്നതിനോട് അനുബന്ധിച്ച് ജയ്പൂരിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി .

   **Prime Minister Narendra Modi Attends Event in Jaipur Marking One Year of Rajasthan Government's Completion.**

4. ജോർജിയയിൽ 11 ഇന്ത്യൻ പൗരന്മാരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തി ഇന്ത്യൻ എംബസി.

**Indian Embassy Expresses Condolences Over Deaths of 11 Indian Citizens in Georgia.**

5. കേരളത്തിൽ തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ വിളിച്ച ഉന്നതതല യോഗം ഇന്ന്.

**High-Level Meeting Called by Kerala Transport Minister K.B. Ganesh Kumar to be held Today Amidst Ongoing Road Accidents.**

6. ഇന്ത്യ - വെസ്റ്റ് ഇൻഡീസ് വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നവി മുംബൈയിൽ.

**Second Match of India-West Indies Women's T20 Cricket Today in Navi Mumbai.**

&&&&&&&&&&&&&&&&&&&

**HEADLINE-1&2**

**RS-CONSTITUTION-NADDA (INTRO)**

*പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം തുടരുന്നു. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബിൽ ലോക്സഭയിൽ. അതേസമയം, ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച രാജ്യസഭയിൽ ഇന്ന് പുനരാരംഭിച്ചു. ഇന്ത്യ ഏറ്റവും വലിയ ജനാധിപത്യ രാജ്യവും ജനാധിപത്യത്തിൻ്റെ മാതാവുമാണെന്ന് ചർച്ചയിൽ പങ്കെടുത്ത സഭാ നേതാവും കേന്ദ്രമന്ത്രിയുമായ ജെ.പി നഡ്ഡ പറഞ്ഞു. ജനാധിപത്യം മുന്നോട്ടു വയ്ക്കുന്ന സ്വാതന്ത്ര്യം, സമത്വം, ഉൾച്ചേർക്കൽ എന്നീ ദർശനങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ നഡ്ഡ വ്യക്തമാക്കി.*

*( വോയിസ്.....)*

&&&&&&&&&&&&&&&&&&&

**DAY ONE NATION ONE ELECTION**

" ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് " രാജ്യത്തെ സംബന്ധിച്ച് സുപ്രധാന വിഷയമാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. ലോക്സഭയിൽ ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ അവതരിപ്പിക്കുന്നതിന് മുന്നോടിയായി ന്യൂഡൽഹിയിൽ മാധ്യമങ്ങളെ കാണുകയായിരുന്നു അദ്ദേഹം. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് - ഏതെങ്കിലും പാർട്ടിക്കോ വ്യക്തികൾക്കോ വേണ്ടിയല്ലെന്നും രാജ്യത്തിന് വേണ്ടിയുള്ളതാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

**OPPOSITION-ONE NATION**

ലോക്സഭയിൽ ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ അവതരിപ്പിക്കുന്നതിനെ എതിർത്ത് പ്രതിപക്ഷം. കോൺഗ്രസ്, സമാജ്വാദി പാർട്ടി, എൻസിപി - എസ്പി വിഭാഗം, സിപിഐ (എം) ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികളാണ് നടപടിയിൽ എതിർപ്പ് രേഖപ്പെടുത്തിയത്. അതിനിടെ, ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങളിൽ പ്രതിപക്ഷ എംപിമാർ പാർലമെന്റ് വളപ്പിൽ പ്രതിഷേധം സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&

## HEADLINE-3

**PM-JAIPUR**

രാജസ്ഥാൻ സർക്കാർ ഒരു വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് ജയ്പൂരിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്നു. 46,300 കോടി രൂപയുടെ 24 പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി ചടങ്ങിൽ നിർവഹിച്ചു. രാജസ്ഥാനിലെ റോഡ്, റെയിൽവേ, ഊർജം, ജലം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് അദ്ദേഹം ഇന്ന് തുടക്കം കുറിച്ചത്.

&&&&&&&&&&&&&&&&&&&

**PREZ- TELANGANA AND AP**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഞ്ച് ദിവസത്തെ ആന്ധ്രാപ്രദേശ് - തെലങ്കാന സന്ദർശനത്തിന് ഇന്ന് തുടക്കം. ആന്ധ്രാപ്രദേശിൽ എയിംസ് മംഗളഗിരിയിലെ ബിരുദദാന ചടങ്ങിൽ ശ്രീമതി മുർമു പങ്കെടുക്കും. സെക്കന്തരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങളുടെ

തറക്കല്ലിടൽ നിർവ്വഹിക്കുന്ന രാഷ്ട്രപതി കോളേജ് ഓഫ് ഡിഫൻസ് മാനേജ്മെന്റിന് PRESIDENT'S COLOURS ബഹുമതി സമ്മാനിക്കും.

&&&&&&&&&&&&&&&&&&&&

# HEADLINE-4

## INDIAN EMBASSY- GEORGIA

ജോർജിയയിൽ 11 ഇന്ത്യൻ പൗരന്മാരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ ജോർജിയയിലെ ഇന്ത്യൻ എംബസി അഗാധ ദുഃഖം രേഖപ്പെടുത്തി. മൃതദേഹങ്ങൾ എത്രയും വേഗം ഇന്ത്യയിലെത്തിക്കാൻ പ്രാദേശിക ഭരണകൂടവുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്ന് എംബസി അറിയിച്ചു. സംഭവത്തിൽ ജോർജിയയിലെ ആഭ്യന്തര മന്ത്രാലയം അന്വേഷണം ആരംഭിച്ചു. 11 ഇന്ത്യക്കാരും ഒരു ജോർജിയൻ പൗരനും ഉൾപ്പടെ ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ ഉണ്ടായിരുന്നവരാണ് മരിച്ചത്. കാർബൺ മോണോക്സൈഡ് വിഷബാധയേറ്റാണ് മരണമെന്ന് പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

&&&&&&&&&&&&&&&&&&&&

## CANADA- FINANCE MINISTER

കാനഡയുടെ ധനകാര്യ മന്ത്രിയും ഉപപ്രധാനമന്ത്രിയുമായ ക്രിസ്റ്റിയ ഫ്രീലാൻഡ് രാജി വച്ചു. ഭരണകാര്യങ്ങളിലെ ഭിന്നതയാണ് രാജി വയ്ക്കാൻ കാരണമെന്ന് പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയ്ക്ക് അയച്ച കത്തിൽ ഫ്രീലാൻഡ് സൂചിപ്പിച്ചതായാണ് വിവരം. പാർലമെന്റിൽ സുപ്രധാന സാമ്പത്തിക പ്രസ്താവന അവതരിപ്പിക്കുന്നതിന് മണിക്കൂറുകൾക്ക് മുമ്പാണ് അവർ രാജി പ്രഖ്യാപിച്ചത്. കാനഡയിലെ പൊതുസുരക്ഷാ മന്ത്രി ഡൊമിനിക് ലെബ്ലാങ്കിനെ പുതിയ ധനമന്ത്രിയായി നിയമിച്ചു.

&&&&&&&&&&&&&&&&&&&&

## PARDHAN-BRIEFING

രാജ്യത്തുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. കഴിഞ്ഞ എട്ട് വർഷത്തിനിടെ ഒരു കുട്ടിക്കായുള്ള ചെലവിൽ 130 ശതമാനം വർധനയുണ്ടായതായി അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൺ നേഷൻ, വൺ സബ്സ്ക്രിപ്ഷൻ സംരംഭത്തിന് കീഴിൽ ഏകദേശം 13,000 ഇ-ജേണലുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാണെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

**PM-TULSI GOWDA**

പ്രശസ്ത പരിസ്ഥിതി പ്രവർത്തകയും പത്മ അവാർഡ് ജേതാവുമായ തുളസി ഗൗഡയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. പ്രകൃതി സംരക്ഷണത്തിനായി തന്റെ ജീവിതം സമർപ്പിച്ച അവരുടെ പ്രവർത്തനങ്ങൾ വരും തലമുറകൾക്ക് പ്രചോദനമാകുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&&

# HEADLINE-5

**MINISTER GANESHKUMAR MEETING**

കേരളത്തിൽ തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ഇന്ന് ഉന്നതതല യോഗം ചേരും. ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരത്താണ് യോഗം. മോട്ടോർ വാഹന വകുപ്പ്, പൊലീസ്, ദേശീയ പാത അതോറിറ്റി, കെഎസ്ഇബി, പി.ഡബ്ളിയു.ഡി, റോഡ് സുരക്ഷാ വിഭാഗം എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

**KOCHI FLIGHT**

സാങ്കേതിക പ്രശ്നത്തെ തുടർന്ന് കൊച്ചിയിൽ നിന്ന് ബഹ്റൈനിലേക്ക് പോയ എയർ ഇന്ത്യ എക്സ്പ്രസ് വിമാനം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ അടിയന്തരമായി ലാൻഡ് ചെയ്തു. 104 യാത്രക്കാരും 8 ജീവനക്കാരുമാണ് വിമാനത്തിലുണ്ടായിരുന്നത്.

&&&&&&&&&&&&&&&&&&&

**KANNUR - MPOX**

എംപോക്സ് സ്ഥിരീകരിച്ച് കണ്ണൂർ പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന 24 കാരൻറെ ആരോഗ്യസ്ഥിതിയിൽ ആശങ്കപ്പെടാനില്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. അബുദാബിയിൽ നിന്ന് കഴിഞ്ഞദിവസം നാട്ടിലെത്തിയ വയനാട് സ്വദേശിക്കാണ് രോഗം സ്ഥിരീകരിച്ചത്. ചികിത്സക്കായി പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

**IFFK**

തിരുവനന്തപുരത്ത് നടക്കുന്ന കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ പ്രേക്ഷക പങ്കാളിത്തം തുടരുന്നു. എല്ലാ തിയേറ്ററുകളിലും നിറഞ്ഞ സദസ്സിലാണ് ചിത്രങ്ങളുടെ പ്രദർശനം. ഇന്ന് 67 സിനിമകളുടെ പ്രദർശനമാണ് മേളയിൽ നടക്കുന്നത്.

&&&&&&&&&&&&&&&&&&&

**MANDAVIYA-CYCLING(INTRO)**

***'ഫിറ്റ് ഇന്ത്യ സൈക്ലിംഗ് ട്യൂസ്ഡേസ്' എന്ന പേരിൽ സംഘടിപ്പിക്കുന്ന അവബോധ പരിപാടി കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ ഫ്ലാഗ് ഓഫ് ചെയ്തു. വായുമലിനീകരണം തടയുന്നതിനുള്ള അവബോധം സൃഷ്ടിക്കുകയും ആരോഗ്യകരമായ ഹരിത ഇന്ത്യ കെട്ടിപ്പടുക്കുകയുമാണ് ഈ ഉദ്യമത്തിൻറെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. പ്രതിദിനം കുറഞ്ഞത് ഒരു മണിക്കൂർ എങ്കിലും വ്യായാമത്തിനായി മാറ്റിവെക്കണമെന്നും അദ്ദേഹം ജനങ്ങളോട് അഭ്യർഥിച്ചു.***

*( വോയിസ്.....)*

*പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ 2019 ലാണ് ഫിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.*

&&&&&&&&&&&&&&&&&&&

# HEADLINE-6

## WOMENS CRICKET- IND VS WI

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. രാത്രി 7-ന് നവി മുംബൈയിലെ ഡി.വൈ പാട്ടീൽ സ്റ്റേഡിയത്തിലാണ് മത്സരം. മൂന്നു മത്സരങ്ങളുടെ പരമ്പരയിലെ അവസാന പോരാട്ടം വ്യാഴാഴ്ച നടക്കും.

&&&&&&&&&&&&&&&&&&&

## SHOOTING

ന്യൂഡൽഹിയിൽ നടന്ന 67-ാമത് ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ, വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഫൈനലിൽ ഔറംഗബാദിൻ്റെ റിയ ഷിരിഷ് ഥാട്ടെയ്ക്ക് സ്വർണം. പഞ്ചാബിൻ്റെ സിമ്രൻപ്രീത് കൗർ ബ്രാറിനെ 7-2 ന് പരാജയപ്പെടുത്തിയാണ് റിയയയുടെ നേട്ടം.

&&&&&&&&&&&&&&&&&&&

## SANTHOSH TROPHY

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൻറെ ഫൈനൽ റൗണ്ട് മത്സരങ്ങളിൽ കേരളം ഇന്ന് മേഘാലയയുമായി ഏറ്റുമുട്ടും. ഹൈദരാബാദിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&

## IMD-WEATHER

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അടുത്ത മൂന്ന് ദിവസം ശക്തമായ ശീത തരംഗം അനുഭവപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സിക്കിം, അസം,

മേഘാലയ എന്നിവയുൾപ്പെടെ രാജ്യത്തിന്റെ വടക്ക്, കിഴക്കൻ മേഖലയിൽ മൂടൽമഞ്ഞിനും സാധ്യതയുണ്ട്. അതേസമയം, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, തീരദേശ ആന്ധ്രാപ്രദേശ്, രായലസീമ എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## DELHI- SCHOOL HYBRID MODE

ദേശീയ തലസ്ഥാനമായ ന്യൂഡൽഹിയിൽ വായു ഗുണനിലവാരം മോശം അവസ്ഥയിൽ തുടരുന്നതിനാൽ എല്ലാ പ്രൈമറി സ്കൂളുകളുടെയും പ്രവർത്തനം ഹൈബ്രിഡ് മോഡിലേക്ക് മാറ്റി. ഡൽഹി സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ ഡയറക്ടറേറ്റാണ് ഇത് സംബന്ധിച്ച് നിർദ്ദേശം നൽകിയത്. അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് കഴിയുന്നതും ഓൺലൈൻ അധ്യയനം നടത്താൻ സ്കൂളുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## VIETNAM COAST GUARD SHIP

ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള അന്താരാഷ്ട്ര സഹകരണം വർധിപ്പിക്കുന്നതിൻ്റെ ഭാഗമായി വിയറ്റ്നാം കോസ്റ്റ് ഗാർഡ് കപ്പൽ CSB 8005 കൊച്ചിയിലെത്തി. "സഹ്യോഗ് -- ഹോപ് ടാക് എന്ന പേരിൽ ഇന്ത്യ - വിയറ്റ്നാം സംയുക്ത പരിശീലന പരിപാടി നടക്കും. സമുദ്രമേഖലയിൽ സുരക്ഷയും സുസ്ഥിരതയും ഉറപ്പു വരുത്താനും ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&

## REV OPEC FUND

അന്താരാഷ്ട്ര വികസനത്തിനായി ഏകദേശം 1 ബില്യൺ ഡോളറിൻ്റെ പുതിയ വികസന ധനസഹായം അനുവദിച്ച് ഒപെക് ഫണ്ട്. വിയന്നയിൽ നടന്ന 190-ാമത് ഗവേണിംഗ് ബോർഡ് യോഗത്തിലാണ് തീരുമാനം. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ്, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, ഭക്ഷ്യ സുരക്ഷ, പുനരുപയോഗ ഊർജ പദ്ധതികൾ

തുടങ്ങിയവയുമായി ബന്ധപ്പെട്ട വികസന സംരംഭങ്ങളെ ധനസഹായ പാക്കേജ് പിന്തുണയ്ക്കും.

&&&&&&&&&&&&&&&&&&&

&&&&&&&&

&&&&&